നമ്പർ 282/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ഭരണസമിതി യംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

മലങ്കര മെത്രാപ്പോലീത്തായായി 1825 മുതൽ 1855 വരെ മലങ്കരസഭയെ സുധീരം നയിച്ച ചേപ്പാട് ഫീലിപ്പോസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 153 -ാം ഓർമ്മപെരുന്നാൾ 2008 ഒക്ടോബർ മാസം 12, 13 (ഞായർ, തിങ്കൾ) തീയതികളിൽ അദ്ദേഹം കബറടങ്ങിയിരിക്കുന്ന ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തപ്പെടുകയാണ്. അതിപുരാതനമായ ഈ ദേവാലയം വാസ്തു ശില്പ വൈദഗ്ദ്യം കൊണ്ടും, വി. മദ്ബഹായിലെ ചുവർ ചിത്രങ്ങൾ കൊണ്ടും സ്വദേശികളുടേയും, വിദേശികളുടേയും ശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ തീർത്ഥാടനകേന്ദ്രമായി നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചിട്ടുള്ള ഈ ദേവാലയത്തിൽ ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും കാർമികത്വം വഹിക്കുന്നതാണ്. പെരുന്നാൾ ദിവസം നിങ്ങളേവരും തീർത്ഥാടകരായി ഈ ദേവാലയത്തിൽ എത്തിച്ചേർന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. കൂടാതെ എല്ലാ പള്ളികളിലും 12 -ാം തീയതി ഞായറാഴ്ച ഈ പിതാവിന്റെ ഓർമ്മ കൊണ്ടാടുകയും പ്രത്യേകമായ ധൂപപ്രാർത്ഥന നടത്തുകയും ചെയ്യണം. ആ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ!

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ഓഗസ്റ്റ് മാസം 26 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.